പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2263 **27-10-2026-ൽ മറുപടിയ്ക്ക്**

ഉപ്പള അഗ്നിരക്ഷാ നിലയത്തിന്റെ കെട്ടിട നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഉപ്പള അഗ്നിരക്ഷാ നിലയത്തിൽ നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ പൂർണ്ണതോതിലുള്ള കെട്ടിട സൗകര്യം സജ്ജമാകാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. ഉപ്പള ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ ഒന്നാം ഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത കെട്ടിടത്തിൽ സ്റ്റേഷൻ പ്രവർത്തനം നടന്നു വരുന്നു. എന്നാൽ നിലവിലുള്ള കെട്ടിടത്തിലെ സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ പൂർണ്ണതോതിലുള്ള കെട്ടിട സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിലയത്തിന്റെ രണ്ടാം ഘട്ട കെട്ടിട നിർമ്മാണത്തിനായി നൽകിയ പ്രൊപ്പോസലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

മറുപടി: ഉപ്പള അഗ്നിരക്ഷാ നിലയത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2021- ലെ DSoR പ്രകാരം 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2027-28 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രൊപ്പോസൽ അടിയന്തരമായി പരിഗണിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിക്കാൻ തയ്യാറാകുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ